**മധുരമായ കുട്ടികളേ – നിങ്ങൾക്ക് എന്ത് ജ്ഞാനമാണോ ലഭിച്ചിരിക്കുന്നത്, അതിന്മേൽ വിചാര സാഗര മഥനം ചെയ്യൂ, ജ്ഞാനമഥനത്തിലൂടെത്തന്നെയാണ് അമൃത് പുറത്ത് വരുന്നത്.**

**ചോദ്യം:–** 21 ജന്മങ്ങളിലേയ്ക്ക് സമ്പന്നരായി മാറുന്നതിനുള്ള മാർഗ്ഗം എന്താണ്?
**ഉത്തരം:–** ജ്ഞാന രത്നങ്ങൾ. ഈ പുരുഷോത്തമ സംഗമയുഗത്തിൽ നിങ്ങൾ എത്രത്തോളം ജ്ഞാനരത്നങ്ങൾ ധാരണ ചെയ്യുന്നുവോ അത്രത്തോളം സമ്പന്നരായി മാറും. ഇപ്പോഴുള്ള ജ്ഞാനരത്നങ്ങൾ അവിടെ വജ്രവും വൈഡൂര്യവുമായി മാറും. എപ്പോഴാണോ ആത്മാവ് ജ്ഞാനരത്നങ്ങൾ ധാരണ ചെയ്യുന്നത്, മുഖത്തിൽ നിന്നും ജ്ഞാനരത്നങ്ങൾ പുറത്തു വരുന്നത്, രത്നങ്ങൾ തന്നെ കേൾക്കുന്നത് അപ്പോൾ അവരുടെ ഹർഷിതമായ മുഖത്തിലൂടെ ബാബയുടെ പേര് പ്രശസ്തമാകും. ആസുരീയ അവഗുണങ്ങൾ ഇല്ലാതാകണം അപ്പോൾ സമ്പന്നരായി മാറും.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് ജ്ഞാനം ഭക്തി ഇവയെക്കുറിച്ച് മനസ്സിലാക്കിത്തരികയാണ്. ഇത് കുട്ടികൾ മനസ്സിലാക്കുന്നുണ്ടാകും അതായത് സത്യയുഗത്തിൽ ഭക്തിയുണ്ടാകില്ല. ജ്ഞാനവും സത്യയുഗത്തിൽ ലഭിക്കില്ല. കൃഷ്ണൻ ഭക്തിയും ചെയ്യുന്നില്ല, ജ്ഞാനത്തിന്റെ മുരളിയും വായിക്കുന്നില്ല. മുരളി അർത്ഥം ജ്ഞാനം നൽകുക. മുരളിയിൽ ഇന്ദ്രജാലമുണ്ട് എന്ന് പാട്ടുണ്ടല്ലോ. അജ്ഞാനത്തെ ഇന്ദ്രജാലം എന്ന് പറയില്ല. മനുഷ്യർ കരുതുന്നു കൃഷ്ണനാണ് മുരളി വായിച്ചത്, കൃഷ്ണന്റെ മഹിമ ഒരുപാട് ചെയ്യുന്നു. ബാബ പറയുന്നു കൃഷ്ണൻ ദേവതയായിരുന്നു. മനുഷ്യനിൽ നിന്നും ദേവത, ദേവതയിൽ നിന്നും മനുഷ്യൻ, ഇത് സംഭവിച്ചുകൊണ്ടേയിരിക്കും. ദൈവീക സൃഷ്ടിയും ഉണ്ട് മനുഷ്യ സൃഷ്ടിയും ഉണ്ട്. ഈ ജ്ഞാനത്തിലൂടെ മനുഷ്യനിൽ നിന്നും ദേവതയാകുന്നു. സത്യയുഗം ഈ ജ്ഞാനത്തിന്റെ സമ്പത്താണ്. സത്യയുഗത്തിൽ ഭക്തിയുണ്ടാകില്ല. ദേവത എപ്പോഴാണോ മനുഷ്യനായി മാറുന്നത് അപ്പോഴാണ് ഭക്തി ആരംഭിക്കുന്നത്. മനുഷ്യരെ വികാരി എന്നും ദേവതകളെ നിർവ്വികാരി എന്നുമാണ് വിളിക്കുന്നത്. ദേവതകളുടെ സൃഷ്ടിയെ പവിത്രലോകം എന്നാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുകയാണ്. ദേവതകളിൽ പിന്നീട് ഈ ജ്ഞാനം ഉണ്ടാകില്ല. ദേവതകൾ സദ്ഗതിയിലാണ്, ജ്ഞാനം വേണ്ടത് ദുർഗ്ഗതിയിലുള്ളവർക്കാണ്. ഈ ജ്ഞാനത്തിലൂടെയാണ് ദൈവീക ഗുണങ്ങൾ ഉണ്ടാകുന്നത്. ജ്ഞാനത്തിന്റെ ധാരണയുള്ളവരുടെ പെരുമാറ്റം ദൈവീകമായിരിക്കും. കുറഞ്ഞ ധാരണയുള്ളവരുടെ പെരുമാറ്റം കലർപ്പുള്ളതായിരിക്കും. ആസുരീയമായ പെരുമാറ്റം എന്ന് പറയില്ല. ധാരണയില്ലെങ്കിൽ എന്റെ കുട്ടിയെന്ന് എങ്ങനെ പറയും. കുട്ടികൾക്ക് അച്ഛനെ അറിയുന്നില്ലെങ്കിൽ പിന്നെ അച്ഛന് എങ്ങനെ കുട്ടികളെ അറിയാൻ കഴിയും. ബാബയെ എത്ര മോശമായി ഗ്ലാനി ചെയ്യുന്നു. ഭഗവാനെ ഗ്ലാനി ചെയ്യുന്നത് എത്ര മോശമാണ്. പിന്നീട് എപ്പോഴാണോ ബ്രാഹ്മണരായി മാറുന്നത് അപ്പോൾ അവർ ഗ്ലാനി ചെയ്യുന്നത് അവസാനിപ്പിക്കുന്നു. അതിനാൽ ഈ ജ്ഞാനത്തിന്റെ വിചാര സാഗര മഥനം ചെയ്യണം. വിദ്യാർത്ഥികൾ വിചാരസാഗര മഥനം ചെയ്ത് ജ്ഞാനത്തെ ഉന്നതിയിലേയ്ക്ക് കൊണ്ടുവരുന്നു. നിങ്ങൾക്ക് ഈ ജ്ഞാനം ലഭിക്കുന്നു, അതിനുമേൽ വിചാരസാഗര മഥനം ചെയ്യുന്നതിലൂടെ അമൃത് ലഭിക്കും. വിചാര സാഗര മഥനം നടക്കുന്നില്ലെങ്കിൽ പിന്നെ എന്താണുണ്ടാവുക? ആസുരീയ വിചാര മഥനം, ഇതിലൂടെ അഴുക്കേ പുറത്തുവരൂ. ഇപ്പോൾ നിങ്ങൾ ഈശ്വരീയ വിദ്യാർത്ഥികളാണ്. അറിയാം മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനുള്ള പഠിപ്പ് ബാബ പഠിപ്പിക്കുന്നു. ദേവത പഠിപ്പിക്കില്ല. ദേവതകളെ ഒരിയ്ക്കലും ജ്ഞാനത്തിന്റെ സാഗരം എന്ന് പറയില്ല. ബാബ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരം. അതിനാൽ സ്വയം ചോദിക്കണം എന്നിൽ മുഴുവൻ ദൈവീക ഗുണങ്ങളും ഉണ്ടോ? അഥവാ ആസുരീയ അവഗുണങ്ങൾ ഉണ്ടെങ്കിൽ അതിനെ എടുത്തുകളയണം അപ്പോഴേ ദേവതയാകൂ.

ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. പുരുഷോത്തമരായി മാറിക്കൊണ്ടിരിക്കുകയാണ് അതുകൊണ്ട് വായുമണ്ഢലവും വളരെ നല്ലതായിരിക്കണം. മോശമായ വാക്കുകൾ വായിൽ നിന്നും വരരുത്. ഇല്ലെങ്കിൽ പറയും താഴ്ന്ന തരത്തിലുള്ളവരാണെന്ന്. വായുമണ്ഢലത്തിൽ നിന്നും പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. വായിൽ നിന്നും വരുന്ന വാക്കുകൾ തന്നെ ദുഃഖം നൽകുന്നതാണ്. നിങ്ങൾ കുട്ടികൾക്ക് ബാബയുടെ പേര് പ്രശസ്ഥമാക്കണം. സദാ മുഖം ഹർഷിതമായിരിക്കണം. മുഖത്തുനിന്നും സദാ രത്നങ്ങൾ വരണം. ആ ലക്ഷ്മീ നാരായണന്മാർ എത്രത്തോളം ഹർഷിത മുഖരാണ്. അവരുടെ ആത്മാവ് ജ്ഞാന രത്നങ്ങൾ ധാരണ ചെയ്തിട്ടുണ്ട്. വായിൽ നിന്നും ഈ ജ്ഞാന രത്നങ്ങൾ വന്നിട്ടുണ്ട്. രത്നങ്ങൾ തന്നെ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്തിട്ടുണ്ട്. എത്ര സന്തോഷം ഉണ്ടായിരിക്കണം.

ഇപ്പോൾ നിങ്ങൾ എടുക്കുന്ന ജ്ഞാനരത്നങ്ങൾ പിന്നീട് സത്യമായ വജ്രവും വൈഡൂര്യവുമായി മാറും. 9 രത്നങ്ങളുടെ മാല വജ്രത്തിന്റേയോ രത്നത്തിന്റേയോ അല്ല, ഈ ചൈതന്യ രത്നങ്ങളുടേതാണ്. മനുഷ്യർ പിന്നീട് ആ രത്നമാണെന്ന് കരുതി മോതിരമുണ്ടാക്കി അണിയുന്നു. ജ്ഞാനരത്നങ്ങളുടെ മാല ഈ പുരുഷോത്തമ സംഗമയുഗത്തിൽ മാത്രമാണ് ഉണ്ടാകുന്നത്. ഈ രത്നങ്ങൾ തന്നെയാണ് 21 ജന്മങ്ങളിലേയ്ക്ക് സമ്പന്നരാക്കി മാറ്റുന്നത്, ഇതിനെ ആർക്കും മോഷ്ടിക്കാൻ സാധിക്കില്ല. ഇവിടെയാണ് അണിയുന്നതെങ്കിൽ പെട്ടെന്ന് തന്നെ ആരെങ്കിലും തട്ടിയെടുക്കും. അതിനാൽ സ്വയം വളരെ വിവേകശാലിയായി മാറണം. ആസുരീയ അവഗുണങ്ങളെ ഇല്ലാതാക്കണം. ആസുരീയ അവഗുണങ്ങളുള്ളവരുടെ മുഖം തന്നെ അങ്ങനെയായിരിക്കും. ക്രോധത്താൽ ചുവന്ന തവപോലെയാകും. കാമ വികാരമുള്ളവർ പൂർണ്ണമായും കറുത്ത മുഖമുള്ളവരായി മാറും. കൃഷ്ണനേയും കറുത്തതായി കാണിക്കുന്നില്ലേ. വികാരങ്ങളുടെ കാരണത്താൽത്തന്നെയാണ് വെളുത്തതിൽ നിന്നും കറുത്തതായി മാറുന്നത്. നിങ്ങൾ കുട്ടികൾക്ക് ഓരോ കാര്യത്തിലും വിചാര സാഗര മഥനം ചെയ്യണം. ഈ പഠിപ്പ് വളരെ അധികം ധനം നേടുന്നതിനുള്ളതാണ്. നിങ്ങൾ കുട്ടികൾ കേട്ടിട്ടുണ്ടാവും, വിക്ടോറിയ രാജ്ഞിയുടെ മന്ത്രി മുമ്പ് വളരെ ദരിദ്രനായിരുന്നു. വിളക്ക് കത്തിച്ചുവെച്ചാണ് പഠിച്ചിരുന്നത്. എന്നാൽ ആ പഠിപ്പ് രത്നങ്ങളൊന്നുമല്ല. അറിവ് നേടി മുഴുവൻ പദവിയും നേടുന്നു. അതിനാൽ പഠിപ്പാണ് ഉപകരിച്ചത് അല്ലാതെ പണമല്ല. പഠിപ്പ് തന്നെയാണ് ധനം. അത് പരിധിയുള്ളതാണ്, ഇത് പരിധിയില്ലാത്ത ധനമാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബ നമ്മെ പഠിപ്പിച്ച് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. അവിടെ ധനം സമ്പാദിക്കാനായി പഠിപ്പ് പഠിക്കേണ്ടതില്ല. ഇപ്പോൾ ചെയ്യുന്ന പുരുഷാർത്ഥത്തിലൂടെ അവിടെ അളവില്ലാത്ത ധനം ലഭിക്കും. ധനം അവിനാശിയായി മാറും. ദേവതകളുടെ പക്കൽ അളവറ്റ ധനമുണ്ടായിരുന്നു പിന്നീട് എപ്പോൾ അവർ വാമമാർഗ്ഗത്തിലേയ്ക്ക്, രാവണരാജ്യത്തിലേയ്ക്ക് വന്നോ അപ്പോൾ പോലും എത്ര ധനമുണ്ടായിരുന്നു. എത്ര ക്ഷേത്രങ്ങൾ ഉണ്ടാക്കി. പിന്നീട് മുസ്ലീങ്ങൾ എല്ലാം തട്ടിക്കൊണ്ടുപോയി. എത്ര വലിയ ധനവാനായിരുന്നു. ഇന്നുകാലത്തെ പഠിപ്പിലൂടെ ഇത്ര വലിയ ധനവാനായി മാറാൻ സാധിക്കില്ല. അപ്പോൾ നോക്കൂ ഈ പഠിപ്പിലൂടെ മനുഷ്യൻ എന്തായി മാറുന്നു! ദരിദ്രനിൽ നിന്നും ധനവാൻ. നോക്കൂ ഇപ്പോൾ ഭാരതം എത്ര ദരിദ്രമാണ്! പേരിന് ധനവാന്മാർ ആരാണോ അവർക്കാണെങ്കിൽ സമയവുമില്ല. തന്റെ ധനത്തിന്റേയും പദവിയുടേയും എത്ര അഹങ്കാരമാണ്. ഇതിൽ അഹങ്കാരം മുതലായവ ഇല്ലാതാകണം. നമ്മൾ ആത്മാക്കളാണ്, ആത്മാവിന്റെ പക്കൽ ധനം-സമ്പത്ത്, വജ്രം-രത്നം മുതലായ ഒന്നും ഉണ്ടാകില്ല.

ബാബ പറയുന്നു മധുരമായ കുട്ടികളേ, ദേഹ സഹിതം ദേഹത്തിന്റെ മുഴുവൻ സംബന്ധത്തേയും ഉപേക്ഷിക്കൂ. ആത്മാവ് ശരീരം ഉപേക്ഷിച്ചാൽ പിന്നെ ധനമെല്ലാം അവസാനിക്കുന്നു. പിന്നീട് വീണ്ടും പുതിയതായി പഠിച്ച്, ധനം സമ്പാദിക്കണം എങ്കിലേ ധനവാനാകൂ ഇല്ലെങ്കിൽ നല്ലരീതിയിൽ ദാന പുണ്യം ചെയ്തിട്ടുണ്ടാകണം എങ്കിൽ ധനവാന്റെ വീട്ടിൽ ജന്മമെടുക്കും. പറയാറുണ്ട് ഇത് മുമ്പ് ചെയ്ത കർമ്മങ്ങളുടെ ഫലമാണ്. ജ്ഞാനത്തിന്റെ ദാനം ചെയ്തിട്ടുണ്ടാകും അല്ലെങ്കിൽ കോളേജ് ധർമ്മശാല മുതലായവ ഉണ്ടാക്കിയിട്ടുണ്ട്, എങ്കിൽ അതിന്റെ ഫലം ലഭിക്കും എന്നാൽ അല്പകാലത്തേക്കാണ്. ഈ ദാന പുണ്യങ്ങളെല്ലാം ഇവിടെയാണ് ചെയ്യുന്നത്. സത്യയുഗത്തിൽ ചെയ്യില്ല. സത്യയുഗത്തിൽ നല്ല കർമ്മങ്ങളേ ചെയ്യൂ എന്തെന്നാൽ ഇപ്പോൾ ഇവിടെ നിന്നും സമ്പത്ത് ലഭിക്കുന്നുണ്ട്. അവിടെ ഒരു കർമ്മവും വികർമ്മമാകില്ല എന്തുകൊണ്ടെന്നാൽ രാവണനേയില്ല. വികാരത്തിലേയ്ക്ക് പോകുന്നതിലൂടെ വികാരീ കർമ്മങ്ങളായി മാറുന്നു. വികാരത്തിലൂടെയാണ് വികർമ്മം ഉണ്ടാകുന്നത്. സ്വർഗ്ഗത്തിൽ വികർമ്മങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. എല്ലാത്തിന്റേയും ആധാരം കർമ്മമാണ്. ഈ മായാ രാവണൻ അവഗുണങ്ങളുള്ളവരാക്കി മാറ്റുന്നു. ബാബ വന്ന് സർവ്വഗുണ സമ്പന്നരാക്കി മാറ്റുന്നു. രാമവംശിയും രാവണ വംശിയും തമ്മിൽ യുദ്ധം നടക്കുന്നു. നിങ്ങൾ രാമന്റെ മക്കളാണ്, എത്ര നല്ല-നല്ല കുട്ടികൾ മായയോട് തോറ്റുപോകുന്നു. ബാബ പേര് പറയുന്നില്ല, എന്നിട്ടും പ്രതീക്ഷ വെയ്ക്കുകയാണ്. അധമനിലും അധമരായവരെ പോലും ഉദ്ധാരണം ചെയ്യണം. ബാബയ്ക്ക് മുഴുവൻ വിശ്വത്തേയും ഉദ്ധരിക്കണം. രാവണരാജ്യത്തിൽ എല്ലാവരും അധമഗതി പ്രാപിച്ചിരിക്കുന്നു. ബാബ രക്ഷപ്പെടുന്നതിനും രക്ഷപ്പെടുത്തുന്നതിനുമുള്ള യുക്തികൾ ദിവസവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു എന്നിട്ടും വീഴുകയാണെങ്കിൽ അധമനിലും അധമനായി മാറും. പിന്നീട് അവർക്ക് അത്രത്തോളം ഉയരാൻ സാധിക്കില്ല. ആ അഴുക്ക് ഉള്ള് നോവിച്ചുകൊണ്ടിരിക്കും. അന്തിമകാലത്ത് ആര്...... എന്ന് പറയാറുണ്ടല്ലോ അവരുടെ ബുദ്ധിയിൽ മോശമായത് തന്നെ ഓർമ്മ വന്നുകൊണ്ടിരിക്കും.

അതിനാൽ ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്- കല്പ കല്പം നിങ്ങൾ തന്നെയാണ് കേൾക്കുന്നത്, സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, മൃഗങ്ങൾക്ക് അറിയാൻ കഴിയില്ലല്ലോ. നിങ്ങൾ തന്നെയാണ് കേൾക്കുന്നതും മനസ്സിലാക്കുന്നതും. മനുഷ്യൻ മനുഷ്യൻ തന്നെയാണ്, ഈ ലക്ഷ്മീ

നാരായണന്മാർക്കും ചെവിയും മൂക്കും എല്ലാമുണ്ട് മനുഷ്യൻ തന്നെയല്ലേ. എന്നാൽ ദൈവിക ഗുണങ്ങളുണ്ട് അതിനാലാണ് അവരെ ദേവത എന്നു വിളിക്കുന്നത്. ഇവർ എങ്ങനെയാണ് ഇങ്ങനെയുള്ള ദേവതയായി മാറുന്നത് പിന്നീട് എങ്ങനെയാണ് വീഴുന്നത്, ഈ ചക്രത്തെക്കുറിച്ച് നിങ്ങൾക്കേ അറിയൂ. ആരാണോ വിചാര സാഗര മഥനം ചെയ്യുന്നത്, അവർക്കേ ധാരണയുണ്ടാകൂ. ആരാണോ വിചാര സാഗര മഥനം ചെയ്യാത്തത് അവരെ ബുദ്ധുവെന്ന് പറയും. മുരളി കേൾപ്പിക്കുന്നവരുടെ വിചാര സാഗര മഥനം നടന്നു കൊണ്ടിരിക്കും– ഈ ടോപ്പിക്കിൽ ഇന്ന ഇന്ന കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കണം. പ്രതീക്ഷ വെയ്ക്കും, ഇപ്പോൾ മനസ്സിലായില്ലെങ്കിലും മുന്നോട്ട് പോകവേ മനസ്സിലാക്കും. പ്രതീക്ഷ വെയ്ക്കുക അർത്ഥം സേവനത്തിൽ താല്പര്യമുണ്ട് എന്നാണ്, ക്ഷീണിക്കരുത്. അഥവാ ആരെങ്കിലും മുകളിലെത്തി പിന്നീട് അധമനായി മാറിയതാണെങ്കിലും ശരി പിന്നീട് വരുകയാണെങ്കിൽ സ്നേഹത്തോടെ ഇരുത്തുകയില്ലേ അതോ പൊയ്ക്കോളൂ എന്ന് പറയുമോ! വിശേഷങ്ങൾ ചോദിക്കണം– ഇത്ര ദിവസം എവിടെയായിരുന്നു, എന്തു കൊണ്ട് വന്നില്ല? പറയും മായയോട് തോറ്റുപോയി. ജ്ഞാനം വളരെ നല്ലതാണ് എന്ന് മനസ്സിലാക്കുന്നുമുണ്ട്. സ്മൃതി ഉണ്ടാകുമല്ലോ. ഭക്തിയിൽ തോൽവിയുടേയോ വിജയത്തിന്റേയോ കാര്യമില്ല. ഇത് ജ്ഞാനമാണ്, ഇതിനെ ധാരണ ചെയ്യണം. നിങ്ങൾ ഏതുവരെ ബ്രാഹ്മണനായി മാറുന്നില്ലയോ അതുവരെ ദേവതയായി മാറാൻ സാധിക്കില്ല. ക്രിസ്ത്യാനികൾ, ബൗദ്ധികൾ, പാഴ്സികളിൽ ബ്രാഹ്മണർ ഉണ്ടാകില്ല. ബ്രാഹ്മണരുടെ കുട്ടികളാണ് ബ്രാഹ്മണർ. ഈ കാര്യങ്ങൾ നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. നിങ്ങൾക്ക് അറിയാം അല്ലാഹുവിനെ ഓർമ്മിക്കണം. അല്ലാഹുവിനെ ഓർമ്മിക്കുന്നതിലൂടെ ചക്രവർത്തീ പദവി ലഭിക്കും. എപ്പോൾ ആരെ കാണുകയാണെങ്കിലും പറയൂ അല്ലാഹുവിനെ ഓർമ്മിക്കൂ. ശ്രേഷ്ഠം എന്ന് അല്ലാഹുവിനെയാണ് പറയുന്നത്. വിരൽ ചൂണ്ടി അല്ലാഹുവിന് നേർക്ക് സൂചന നൽകുന്നു. നേരെ അല്ലാഹു. അല്ലാഹുവിനെ ഒന്ന് എന്നും പറയുന്നുണ്ട്. ഒരേയൊരു ഭഗവാൻ ബാക്കി എല്ലാവരും കുട്ടികൾ. ബാബയെ അല്ലാഹു എന്ന് പറയുന്നു. ബാബ ജ്ഞാനവും നൽകുന്നു, തന്റെ കുട്ടിയാക്കിയും മാറ്റുന്നു. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷം ഉണ്ടായിരിക്കണം. ബാബ നമ്മുടെ എത്ര സേവനം ചെയ്യുന്നു, വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ശേഷം സ്വയം ആ പവിത്ര ലോകത്തേയ്ക്ക് വരുന്നുപോലുമില്ല. പാവന ലോകത്തിൽ ആരും ബാബയെ വിളിക്കുന്നില്ല. പതിത ലോകത്തിലാണ് വിളിക്കുന്നത്. പാവന ലോകത്തിൽ വന്ന് എന്ത് ചെയ്യും. ബാബയുടെ പേരുതന്നെ പതിത പാവനൻ എന്നാണ്. അതിനാൽ പഴയ ലോകത്തെ പാവനമാക്കി മാറ്റുക എന്നത് ബാബയുടെ കർത്തവ്യമാണ്. ബാബയുടെ പേരുതന്നെ ശിവൻ എന്നാണ്. കുട്ടികളെ സാളിഗ്രാമം എന്നാണ് പറയുന്നത്. രണ്ടുപേരുടേയും പൂജ ഉണ്ടാകുന്നു. എന്നാൽ പൂജ ചെയ്യുന്നവർക്ക് ഒന്നും അറിയില്ല, കേവലം ഒരു ആചാര രീതിയാക്കി മാറ്റിയിരിക്കുന്നു. ദേവിമാർക്ക് ഫസ്റ്റ് ക്ലാസ് വജ്രവും മുത്തും കൊണ്ടുള്ള കൊട്ടാരങ്ങൾ ഉണ്ടാക്കുന്നു, പൂജ ചെയ്യുന്നു. ബാബയ്ക്കാണെങ്കിൽ മണ്ണുകൊണ്ടുള്ള ലിംഗം ഉണ്ടാക്കുന്നു പൊട്ടിക്കുന്നു. ഉണ്ടാക്കുന്നതിന് പരിശ്രമമില്ല. ദേവിമാരെ ഉണ്ടാക്കുന്നതിൽ പരിശ്രമമുണ്ടാകുന്നു, ബാബയെ പൂജിക്കുന്നതിൽ പരിശ്രമം ഉണ്ടാകുന്നില്ല. വെറുതേ കിട്ടും. കല്ല് വെള്ളത്തിൽ ഉരുണ്ടുരുണ്ട് ഉരുണ്ടതാകുന്നു. പൂർണ്ണമായും അണ്ഡാകാരത്തിലാകുന്നു. പറയുന്നുമുണ്ട് ആത്മാവ് അണ്ഡാകാരത്തിലാണ്, അത് ബ്രഹ്മതത്വത്തിലാണ് ഇരിക്കുന്നത്, അതിനാലാണ് അതിനെ ബ്രഹ്മാണ്ഡം എന്നു പറയുന്നത്. നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റേയും പിന്നീട് വിശ്വത്തിന്റേയും അധികാരികളാവുന്നു.

അതിനാൽ ഏറ്റവുമാദ്യം ഒരു ബാബയുടെ പരിചയം നൽകണം. ശിവബാബയെ അച്ഛനെന്നു വിളിച്ച് എല്ലാവരും ഓർമ്മിക്കുന്നു. രണ്ടാമത് ബ്രഹ്മാവിനേയും ബാബാ എന്ന് വിളിക്കുന്നു. പ്രജാപിതാവാണെങ്കിൽ മുഴുവൻ പ്രജകളുടേയും പിതാവായില്ലേ. ഗ്രേറ്റ് ഗ്രേറ്റ് ഗ്രാൻഡ്ഫാദറാണ്. ഈ മുഴുവൻ ജ്ഞാനവും ഇപ്പോൾ നിങ്ങൾ കുട്ടികളുടെ പക്കലുണ്ട്. പ്രജാപിതാ ബ്രഹ്മാവ് എന്ന് ഒരുപാട് പറയുന്നുണ്ട് എന്നാൽ യഥാർത്ഥരീതിയിൽ അറിയുന്നില്ല. ബ്രഹ്മാവ് ആരുടെ കുട്ടിയാണ്? നിങ്ങൾ പറയും പരമപിതാ പരമാത്മാവിന്റെ. ശിവബാബ ഇദ്ദേഹത്തെ ദത്തെടുത്തെങ്കിൽ ഇദ്ദേഹം ശരീരധാരിയല്ലേ. എല്ലാവരും ഈശ്വരന്റെ സന്താനങ്ങളാണ്. പിന്നീട് എപ്പോഴാണോ ശരീരം ലഭിക്കുന്നത് അപ്പോഴാണ് ദത്തെടുത്തു എന്നു പറയുന്നത്. അത് ദത്തെടുക്കലല്ല. എന്താ ആത്മാക്കളെ പരമപിതാ പരമാത്മാവ് ദത്തെടുത്തിട്ടുണ്ടോ? ഇല്ല, നിങ്ങളെയാണ് ദത്തെടുത്തിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ ബ്രഹ്മാകുമാരീ കുമാരന്മാരാണ്. ശിവബാബ ദത്തെടുക്കുന്നില്ല. മുഴുവൻ ആത്മാക്കളും അനാദിയും അവിനാശിയുമാണ്. സർവ്വ ആത്മാക്കൾക്കും അവരവരുടേതായ ശരീരമുണ്ട്, തന്റേതായ പാർട്ട് ലഭിച്ചിട്ടുണ്ട്, അത് അഭിനയിക്കുകതന്നെ വേണം. ഈ പാർട്ട് ആദിയും അനാദിയുമായി പരമ്പരയായി നടന്നുകൊണ്ടിരിക്കുന്നതാണ്. അതിന്റെ ആരംഭവും അന്ത്യവും എന്ന് പറയാൻ കഴിയില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ

ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ ധനം, പദവി എന്നിവയുടെ അഹങ്കാരത്തെ ഇല്ലാതാക്കണം. അവിനാശിയായ ജ്ഞാനധനത്തിലൂടെ സ്വയത്തെ സമ്പന്നനാക്കി മാറ്റണം. സേവനത്തിൽ ഒരിയ്ക്കലും ക്ഷീണിക്കരുത്.

2) വായുമണ്ഡലത്തെ നല്ലതാക്കി വെയ്ക്കുന്നതിനായി വായിലൂടെ സദാ രത്നങ്ങൾ വരണം. ദുഃഖം നൽകുന്ന വാക്കുകൾ പറയാതിരിക്കാൻ ശ്രദ്ധ വയ്ക്കണം. ഹർഷിതമുഖരായി ഇരിക്കണം.

## വരദാനം:- എങ്ങനെയുള്ള പരിതസ്ഥിതിയിലും മനസ്സിനെയും ബുദ്ധിയെയും സെക്കന്റിനുള്ളിൽ ഏകാഗ്രമാക്കുന്ന സർവ്വശക്തി സമ്പന്നരായി ഭവിക്കട്ടെ.

ബാപ്ദാദ സർവ്വ കുട്ടികൾക്കും സർവ്വശക്തികളും സമ്പത്തായി നൽകിയിട്ടുണ്ട്. ഓർമ്മയുടെ ശക്തിയുടെ അർത്ഥം ഇതാണ്- മനസ്സിനെയും ബുദ്ധിയെയും എവിടെ വെക്കാൻ ആഗ്രഹിക്കുന്നുവോ അവിടെ വെക്കാൻ കഴിയണം. എങ്ങനെയുള്ള പരിതസ്ഥിതികൾക്കിടയിലും മനസ്സിനെയും ബുദ്ധിയെയും സെക്കന്റിനുള്ളിൽ ഏകാഗ്രമാക്കൂ. പരിതസ്ഥിതി ചഞ്ചലതയുടേതാകട്ടെ, വായുമണ്ഡലം തമോഗുണിയാകട്ടെ, മായ തന്റേതാക്കാൻ പരിശ്രമിക്കട്ടെ എന്നാലും സെക്കന്റിനുള്ളിൽ ഏകാഗ്രമാകൂ- അങ്ങനെയുള്ള നിയന്ത്രണ ശക്തി ഉണ്ടായിരിക്കണം അപ്പോൾ പറയാം സർവ്വശക്തി സമ്പന്നം.

## സ്ലോഗൻ:- വിശ്വമംഗളത്തിന്റെ ഉത്തരവാദിത്തവും പവിത്രതയുടെ ലൈറ്റിന്റെ കിരീടവും ധരിക്കുന്നവർ തന്നെയാണ് ഡബിൾ ലൈറ്റ് കിരീടധാരിയാകുന്നത്.